# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ഒക്ടോബർ 26 ചൊവ്വ 2021

Volume: 1, Issue: 16

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## ദുരന്തനിവാരണ മുന്നൊരുക്കങ്ങൾക്ക്

# സജ്ജമായി അയ്യൻകുന്ന് പഞ്ചായത്ത്

**വിപിൻ വില്ല്യം**

ദുരന്ത നിവാരണ മുന്നൊരുക്കങ്ങൾക്ക് സജ്ജമായി അയ്യൻകുന്ന് പഞ്ചായത്ത്. അതിതീവ്ര മഴയ്ക്കും പ്രകൃതി ദുരന്തങ്ങൾക്കും സാധ്യതയുണ്ടെന്ന മുന്നറിയിപ്പിനെ തുടർന്ന് അയ്യൻകുന്ന് പഞ്ചായത്തും തദ്ദേശഭരണ സ്ഥാപനങ്ങളും റവന്യു, അഗ്നിരക്ഷാ, പോലീസ് വിഭാഗങ്ങളും അതീവ ജാഗ്രതയിൽ. അയ്യൻകുന്ന് പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലും ദുരന്തനിവാരണ മുന്നൊരുക്ക യോഗങ്ങൾ നടത്തി. ദുരന്തനിവാരണ മുന്നൊരുക്കങ്ങളുടെ ഭാഗമായി എൻ.ഡി.ആർ.എഫ് (ദേശീയ ദുരന്ത നിവാരണ സേന) സംഘത്തെ ആനപ്പന്തി ഗവ. എൽ പി സ്കൂളിൽ വിന്യസിച്ചിട്ടുണ്ട്.

ദുരന്തമുണ്ടായാൽ രക്ഷാപ്രവർത്തനം വേഗത്തിലാക്കുന്നതുൾപ്പെടെയുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി കൂടുതൽ ദുരന്ത സാധ്യതയുള്ള അയ്യൻകുന്ന് പഞ്ചായത്തിലെ ഉരുപ്പുംകുറ്റി, പാറയ്ക്കാമല, ബാരാപോൾ പദ്ധതി പ്രദേശം എന്നീ സ്ഥലങ്ങൾ റവന്യു സംഘം സന്ദർശിച്ചു. പ്രദേശവാസികൾക്ക് അടിയന്തര ഫോൺ നമ്പറുകൾ നൽകുകയും ചെയ്തു. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ വില്ലേജ് ഓഫീസർ, പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ് എച്ച് ഒ), കൃഷി ഓഫീസർ, ഡോക്ടേഴ്സ്, വാർഡ് മെമ്പറുമാർ എന്നിവരുടെ അടിയന്തരയോഗം ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് വിവിധ സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഓരോ പ്രദേശത്തെയും മെമ്പറുമാർക്ക് ഉത്തരവാദിത്വം ഏൽപ്പിച്ച്, അത്യാവശ്യഘട്ടങ്ങളിൽ ബന്ധപ്പെടാനുള്ള നമ്പറുകൾ നൽകി. എന്തെങ്കിലുമൊരു പ്രതിസന്ധിയുണ്ടായാൽ നേരിടാനുള്ള എല്ലാ സംവിധാനങ്ങളും പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്'. പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.



ദേശീയ ദുരന്ത നിവാരണ സേനാഗംങ്ങൾ

'ഉരുപ്പുംകുറ്റിയിലെ ഏഴാംകടവ് എന്ന സ്ഥലത്താണ് എറ്റവും കുടുതൽ ഉരുൾ പൊട്ടലും മണ്ണിടിച്ചിലും കൊണ്ട് വ്യാപകമായ നാശനഷ്ടമുണ്ടായത്. മണ്ണിടിച്ചിൽ കാരണം റോഡിലേയ്ക്കും ഓവുചാലിലേക്കും മണ്ണുകൾ ഒഴുകിയെത്തിയതിനെ തുടർന്ന് ഗതാഗതം നിലക്കുന്ന അവസ്ഥയുണ്ടായി. കനത്ത മഴ പെയ്ത സാഹചര്യത്തിൽ ആളുകൾ പേടിയോടെയാണ് വീടുകളിൽ കിടന്നു ഉറങ്ങിയത്'. ഉരുപ്പുംകുറ്റി പള്ളി വികാരി ഫാ. ജോബിൻ വലിയപറമ്പിൽ പറഞ്ഞു.

'ഏതു സാഹചര്യത്തേയും നേരിടാൻ സജ്ജമാണ്. കാലാവസ്ഥാ മുന്നറിയിപ്പ് വിഭാഗം നൽകിയ ദുരന്തസാധ്യത കണക്കിലെടുത്താണ് ഞങ്ങൾ ഇവിടെയുള്ളത്. ഇരിട്ടി താലൂക്കിൽ 22 ഇടത്ത് ജാഗ്രത വേണമെന്നാണ് റവന്യൂ വിഭാഗം മുഖേന അറിയിച്ചിട്ടുള്ളത്'. എൻഡിആർഎഫ് ഇൻസ്പെക്ടർ അവിനേഷ് കുമാർ പറഞ്ഞു.



**അതിതീവ്ര മഴ**

**അതിശ്രദ്ധാകേന്ദ്രങ്ങൾ**

**പാറയ്ക്കാമല, പാലത്തും കടവ്, എടപ്പുഴ, ഉരുപ്പുംകുറ്റി, ആനപ്പന്തിക്കവല, രണ്ടാംകടവ്, വാളത്തോട്**

**പഞ്ചായത്ത് പ്രസിഡണ്ട്- 9446265725**
**വൈസ്പ്രസിഡണ്ട് - 9496515638**
**സെക്രട്ടറി - 8330870596**
**പോലീസ് – 100, 112**
**(അത്യാവശ്യ ഘട്ടം)**

# കുണ്ടൂർ തോട്ടിലെ മാലിന്യങ്ങൾ നീക്കം ചെയ്തു




എൻഎസ്എസ് പ്രവർത്തകർ കുണ്ടൂർ തോടിന്റെ ശുചീകരണത്തിൽ

**അനുശ്രീ കെ**

അങ്ങാടിക്കടവ് വനിത ഹോട്ടലിനു പിന്നിൽ മലിനമായി കിടന്നിരുന്ന കുണ്ടൂർ തോടും പരിസരവും അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ എൻ എസ് എസ് യൂണിറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ ശുചീകരിച്ചു. കഴിഞ്ഞ അങ്ങാടിപത്രത്തിൽ വന്ന വാർത്തയെ തുടർന്നാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്.

റോഡരികിൽ പ്ലാസ്റ്റിക് കവറുകളിൽ പൊതിഞ്ഞു നിക്ഷേപിച്ച മാലിന്യങ്ങൾ മഴക്കാലങ്ങളിൽ തോട്ടിലേക്ക് ഒലിച്ചിറങ്ങിയിരുന്നു. ഇവ നീരൊഴുക്ക് തടസപ്പെടുത്തി വലിയ ദുർഗന്ധത്തിന് കാരണമാവുകയും ചെയ്തിരുന്നു. മാലിന്യങ്ങൾ നിക്ഷേപിക്കാൻ കൃത്യമായ സൗകര്യമുള്ളപ്പോഴും പുഴയിലേക്കും, റോഡരികിലേക്കും വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങൾക്ക് യാതൊരു കുറവും സംഭവിച്ചിരുന്നില്ല. കുളിക്കാനും മറ്റുമായി തോടിനെ ആശ്രയിക്കുന്നവർക്ക് ഇതൊരു വലിയ വെല്ലുവിളിയായി മാറിയിരുന്നു.

'അങ്ങാടിപത്രത്തിലെ വാർത്തയാണ് ഈ പ്രശ്നം എൻ എസ് എസിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. ഇതുമായി ബന്ധപ്പെട്ട് അയ്യൻകുന്ന് പഞ്ചായത്തുമായി കൂടി ആലോചിക്കുകയും, ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിക്കുകയും ചെയ്തു. മുപ്പതിലധികം എൻ എസ് എസ് വോളന്റിയേഴ്സിന്റെയും, തൊഴിലുറപ്പ് പ്രവത്തർകരുടെയും സഹായത്തോടെ കുണ്ടൂർ തോട്, അങ്ങാടിക്കടവ് ടൗൺ, സേക്രട്ട് ഹാർട്ട് സ്കൂൾ എന്നിവ ശുചീകരിച്ചു'. ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ്, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ നിതിൻ കുട്ടൻ പി. കെ പറഞ്ഞു.

'എൻ എസ് എസിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി അങ്ങാടിക്കടവ് ടൗൺ, കുണ്ടൂർ തോട് എന്നിവ ശുചീകരിക്കുകയും, മാലിന്യങ്ങൾ ശേഖരിച്ച് അവ കൃത്യമായി മിനി എം സി എഫ് (മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി)-ൽ എത്തിക്കുകയും ചെയ്തു. കൂടാതെ സേക്രട്ട് ഹാർട്ട് സ്കൂൾ തുറക്കുന്നതിനു മുന്നോടിയായുള്ള ശുചീകരണത്തിലും പങ്കുചേർന്നു'. അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

'മാലിന്യങ്ങൾ നിറഞ്ഞിരുന്ന തോടാണ് പെരുമഴയ്ക്ക് മുൻപ് തന്നെ ശുചീകരിച്ചത്. തോട്ടിലെ നീരൊഴുക്കിനു തടസമായി മാറിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ എടുത്തു മാറ്റിയതോടെ, നീരൊഴുക്ക് വീണ്ടും സജീവമായിരിക്കുകയാണ്'. പ്രദേശവാസിയായ ആദർശ് ജോൺസൺ പറഞ്ഞു.

പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ശുചീകരണപ്രവർത്തനം ഉദ്ഘാടനം ചെയ്തു. ഡോൺ ബോസ്കോ കോളേജ് പ്രിൻസിപ്പാൾ ഫാ. ഫ്രാൻസിസ് കാരക്കാട്ട്, സേക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഫാ. തോമസ് ആമക്കാട്ട്, വൈസ് പ്രസിഡണ്ട് ലിസി തോമസ് എന്നിവർ സംസാരിച്ചു.

# യാത്രാ ദുരിതത്തിൽ കച്ചേരിക്കടവ് നിവാസികൾ

**ഐശ്വര്യ സി ജേക്കബ്**

കച്ചേരിക്കടവ് : പൊതുഗതാഗതം നിലച്ചതിനെ തുടർന്ന് യാത്ര ക്ലേശത്തിലായി കച്ചേരിക്കടവ് - പാലത്തുംകടവ് നിവാസികൾ. പാലത്തുംകടവിൽ നിന്നും മറ്റ് പ്രധാന ടൗണുകളിലേയ്ക്കുള്ള ഏക ആശ്രയമായിരുന്നു പാലത്തുംകടവ് - കണ്ണൂർ കെഎസ്ആർടിസി ബസ്. ലോക്ഡൗണിന് ശേഷം ഇതുവരെ സർവീസ് പുനരാരംഭിച്ചിട്ടില്ല.



അഞ്ഞൂറിലധികം ജനസംഖ്യയുള്ള ഈ മേഖലയിൽ നിന്നും ഇരിട്ടിയിലേയ്ക്കും സെന്റ് തോമസ് ഹയർ സെക്കൻഡറി കിളിയന്തറ, സെന്റ് ജോസഫ് ഹയർ സെക്കൻഡറി കുന്നോത്ത് എന്നീ സ്കൂളുകളിലേക്കും എത്തിച്ചേരാൻ സ്വകാര്യവാഹനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയാണ് നിലനിൽക്കുന്നത്. 'ബസ് നിർത്തലാക്കിയതുകൊണ്ട് കോളജിൽ എത്തുന്നത് പലപ്പോഴും താമസിച്ചാണ്. കൂട്ടുപുഴയിൽ എത്തി വള്ളിത്തോട് വഴിയാണ് കോളേജിൽ പോവുന്നത്. അതുകൊണ്ട് ചിലവും യാത്രാ സമയവും കൂടുതലാണ്'. ഡോൺ ബോസ്കോ കോളേജ് വിദ്യാർഥിനിയായ മെറിൻ വിൽസൺ പറഞ്ഞു.

'ടിക്കറ്റ് എട്ട് രൂപ മാത്രമുള്ള കൂട്ടുപുഴ - കച്ചേരിക്കടവ് റൂട്ടിൽ ഓട്ടോറിക്ഷ ചാർജ് 60 രൂപയാണ് കൂട്ടുപുഴയിൽ ബാരാപ്പുഴയ്ക്ക് കുറുകെ പുതിയ കച്ചേരിക്കടവ് പാലം നിർമ്മിച്ചിട്ടും ബസ് സർവീസ് ആരംഭിക്കാത്തത് ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്നു'. കച്ചേരിക്കടവ് സ്വദേശിനിയായ മേരി ജോജോ പറഞ്ഞു.

'ബസ് സർവീസ് നിർത്തിയത് മൂലം ഓഫീസിൽ കൃത്യമായി എത്താൻ സാധിക്കുന്നില്ല . ആ സമയത്ത് യാത്ര ചിലവ് കുറവായിരുന്നു. എന്നാൽ ഇന്ന് ഏകദേശം ദിവസവരുമാനത്തിന്റെ പത്ത് ശതമാനത്തിലേറെ യാത്ര ചിലവായി നൽകേണ്ട അവസ്ഥയാണ്'. കച്ചേരിക്കടവ് സ്വദേശിനിയായ ഷൈനി മാത്യു പറഞ്ഞു.

'അഞ്ഞൂറിലധികം ആളുകൾ ഒപ്പിട്ട നിവേദനം ഗതാഗത മന്ത്രി ആന്റണി രാജുവിനും കണ്ണൂർ കെ എസ് ആർടിസി ഡിപ്പോ മാനേജർക്കും നൽകി. തിരുവനന്തപുരത്ത് കഴിഞ്ഞ ദിവസങ്ങളിൽ പോയി ഗതാഗത മന്ത്രിയെ കാണാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. കൂട്ടുപുഴ വരെ എത്തുന്ന കെഎസ്ആർടിസി പാലത്തുംകടവ് വരെ നീട്ടി നൽകാനാണ് നിവേദനം കൊടുത്തിരിക്കുന്നത്. സ്കൂൾ തുറക്കുന്ന സമയമാകുമ്പോഴേക്കും ബസ് സർവീസ് ആരംഭിക്കണമെന്നാണ് ആവശ്യം'. പാലത്തുംകടവ് വാർഡ് മെമ്പറായ ബിജോയ് പ്ലാത്തോട്ടം പറഞ്ഞു.


# ഇടിമിന്നലിൽ വൻ നാശനഷ്ടം

ചരൾ : കനത്ത ഇടിമിന്നലിൽ വൻനാശനഷ്ടം. രണ്ടു വീടുകളുടെ വയറിങ്ങ് കത്തി നശിക്കുകയും, ഇലക്ട്രിക് ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. വെള്ളിയാഴ്ച വൈകിട്ട് അഞ്ചരയോടെയാണ് സംഭവം. മേക്കാംതുരുത്തിയിൽ സണ്ണി, പൊടിമറ്റത്തിൽ സജി എന്നിവരുടെ വീടുകൾക്കാണ് നാശം നേരിട്ടത്.

'ആദ്യം വീട്ടിലെ ഗ്രില്ലിനാണ് ഇടിമിന്നലേറ്റത്. തുടർന്ന് അടുക്കളയിലെ വയറിങ് മുഴുവൻ കത്തിനശിച്ചു. ടി. വി മോട്ടോർ എന്നി ഇലക്ട്രിക് ഉപകരണങ്ങൾ ഉപയോഗശൂന്യമായി. ശനിയാഴ്ച ഇലക്ട്രിസിറ്റി ഓഫീസിൽ നിന്ന് ആളുകൾ വന്ന് പുതിയ മീറ്റർ വച്ച് തന്നു'. മേക്കാംതുരുത്തിയിൽ സണ്ണിയുടെ ഭാര്യ കൊച്ചു റാണി സണ്ണി പറഞ്ഞു.

മഴക്കൊപ്പം ശക്തമായ ഇടിമിന്നലിൽ വീടിന്റെ ചുവരിലെ പലഭാഗങ്ങളിലും വിള്ളൽ രുപപ്പെട്ടു. വീടിനകത്ത് ആളുകൾ ഉണ്ടായിരുന്നെങ്കിലും അപകടം കൂടാതെ രക്ഷപ്പെട്ടു.





**ഇടിമിന്നലിൽ തകർന്ന മേക്കാം തുരുത്തിൽ സണ്ണിയുടെ വീട്ടിലെ വൈദ്യുത മീറ്റർ.**

## എഡിറ്റോറിയൽ

# ശാസ്ത്രീയ രീതിയിലുള്ള മണൽവാരൽ നാടിന്റെ ആവശ്യം

മണൽ വാരൽ നിർത്തിയതോടെ ബാരാപുഴയോട് ചേർന്ന് കിടക്കുന്ന താമസക്കാർ വെള്ളപ്പൊക്ക ഭീഷണിയിലാണ്. പഞ്ചായത്ത് അനുവദിച്ച പെർമിറ്റ് ഉപയോഗിച്ച് കാലങ്ങളായി മണൽവാരൽ നടത്തിയിരുന്നു. അന്നൊന്നും ഇത്തരത്തിലുള്ള വെള്ളപ്പൊക്ക ഭീഷണി ഉണ്ടായിരുന്നില്ല. മാത്രമല്ല പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗം കൂടിയായിരുന്നു ഇത്. കൃത്യമായി മണൽ വാരൽ നടന്നിരുന്ന സമയത്ത് ഇതൊരു തൊഴിലായി സ്വീകരിച്ച ഒരു കൂട്ടം ആളുകളും ഇവിടെ ഉണ്ടായിരുന്നു.

ലഭിച്ച പെർമിറ്റുകൾ ഉപയോഗിച്ച് അശാസ്ത്രീയമായ രീതിയിൽ അനുവദിച്ചതിലും കൂടുതൽ മണൽ വാരിയപ്പോൾ പുഴയുടെ രൂപത്തിനും ഗതിക്കും മാറ്റമുണ്ടായി. പഞ്ചായത്ത് ഇടപെട്ട് മണൽവാരൽ നിരോധിച്ചു. തന്മൂലം പുഴയിൽ മണൽ വന്നടിയുകയും പുഴ നികന്നു വരികയും ചെയ്തു. കാലക്രമത്തിൽ പുഴയോട് ചേർന്ന് നിന്നിരുന്ന തിട്ടുകൾ പലതും പുഴയോട് ഇടിഞ്ഞു ചേർന്നു. പ്രളയ കാലഘട്ടത്തിൽ അയ്യൻകുന്നിന് ഇത്രയധികം നാശനഷ്ടം സംഭവിച്ചതിന്റെ ഒരു കാരണം ഇതാണ്.

രണ്ടായിരത്തി പതിനെട്ടിലെ പ്രളയ സമയത്ത് പുഴയിൽ വലിയതോതിൽ എക്കൽ അടിഞ്ഞതുമൂലം പുഴയുടെ ആഴം കുറയുകയും ചെയ്തു. കൂടാതെ മണൽ വാരൽ നിർത്തലാക്കിയതിനാൽ പുഴയുടെ വീതി കൂടി കരയിലേക്ക് വെള്ളം കയറാൻ തുടങ്ങി. ഇതിനു അടിയന്തര പരിഹാരമായി ഗവണ്മെന്റിൽ നിന്നും അനുവദനീയമായ തോതിൽ മണൽവാരൽ തുടരുന്നതായിരിക്കും അനുയോജ്യം.

പഞ്ചായത്ത് ശാസ്ത്രീയമായ രീതിയിൽ പുഴയോട് ചേർന്ന് ആറ്റ് വഞ്ചികളും മറ്റു മരങ്ങളും നട്ടുപിടിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. ശാസ്ത്രീയമായ രീതിയിലുള്ള മണൽവാരൽ പ്രോത്സാഹിപ്പിക്കുന്നതാണ് മറ്റൊരു മാർഗ്ഗം. പഞ്ചായത്തിന് ഇതൊരു വരുമാന മാർഗ്ഗമാവുകയും ചെയ്യും.

**- എഡിറ്റർ**

# റണ്ണേഴ്സ് അപ്പ് : ലിറ്റിൽ ബഡ്സ് സ്കൂൾ

**മിൻസിയ നസ്രി**

ഗാന്ധിജയന്തി വാരാഘോഷത്തോടനുബന്ധിച്ച് ഒക്ടോബർ ഒമ്പതിന് നടന്ന സി ബി എസ് സി ഇന്റർ സ്കൂൾ ഗാന്ധി ക്വിസ് മത്സരത്തിൽ അങ്ങാടിക്കടവ് ലിറ്റിൽ ബഡ്സ് ഇംഗ്ലീഷ് സ്കൂൾ ടീം ഫസ്റ്റ് റണ്ണേഴ്സ് അപ്പ് ആയി. ലിറ്റിൽ ബഡ്സ് സ്കൂൾ എട്ടാം ക്ലാസ് വിദ്യാർഥിനികളായ ബ്രൈറ്റി ബിജു, ആൻ മരിയ മാത്യു കെ എന്നിവരാണ് സ്കൂളിനെ പ്രതിനിധീകരിച്ചത്.

സി ബി എസ് സി സ്കൂളുകളുടെ ഹബ് ഓഫ് ലേണിങ് ഗ്രൂപ്പ് 8, 9 ക്ലാസിലെ വിദ്യാർത്ഥികൾക്കായി ഓൺലൈൻ ആയി നടത്തിയ മത്സരത്തിൽ അഞ്ച് സ്കൂളുകളിലെ വിദ്യാർഥികൾ പങ്കെടുത്തു. അധ്യാപകരുടെ നേതൃത്വത്തിൽ ഘട്ടംഘട്ടമായാണ് മത്സരം നടത്തിയത്.

'നിശ്ചയദാർഢ്യവും ആത്മവിശ്വാസവും കൊണ്ട് കുട്ടികൾ നേടിയെടുത്ത ഈ വിജയം അഭിനന്ദനാർഹമാണ്. അവരുടെ കഠിന പ്രയത്നത്തിന്റെ ഫലമാണിത്. മറ്റു സി ബി എസ് ഇ സ്കൂളുകളെ വെല്ലുന്ന തരത്തിൽ ഇവിടുത്തെ കുട്ടികൾ നേടിയെടുത്ത വിജയത്തിൽ സ്കൂളിന് അഭിമാനമുണ്ട്'. സ്കൂൾ പ്രിൻസിപ്പാൾ തോമസ് കെ. പി പറഞ്ഞു.

'അധ്യാപകർ നന്നായി സഹായിച്ചു. മത്സരത്തിന് മുന്നോടിയായി മോഡൽ ക്വിസ് നടത്തിയിരുന്നു. ഫസ്റ്റ് റണ്ണേഴ്സപ്പ് ആകുവാൻ സാധിച്ചതിൽ സന്തോഷമുണ്ട്. അധ്യാപകരും സുഹൃത്തുക്കളും വിളിച്ച് അഭിനന്ദനങ്ങൾ അറിയിച്ചിരുന്നു'. ബ്രൈറ്റി ബിജു പറഞ്ഞു.

'മത്സരത്തിൽ വിജയിക്കുവാൻ പറ്റുമെന്ന് വിചാരിച്ചില്ല, വളരെയധികം സന്തോഷമുണ്ട്. ഒമ്പതാം ക്ലാസിലെ വിദ്യാർത്ഥികൾ ഉണ്ടാകുമെന്ന് അറിയില്ലായിരുന്നു. മത്സരത്തിനുശേഷമാണ് അറിഞ്ഞത്'. എട്ടാംക്ലാസ് വിദ്യാർഥിനിയായ ആൻ മരിയ മാത്യു പറഞ്ഞു.

അങ്ങാടിക്കടവ് സ്വദേശിയായ മാത്യു കെ. സി. ഷാന്റി മാത്യു ദമ്പതികളുടെ മകളാണ് ആൻ മരിയ മാത്യു. ബ്രൈറ്റി ബിജു ആനപ്പന്തി സ്വദേശിയായ ബിജു ജോസഫിന്റേയും സിജി ബിജുവിന്റെയും മകളാണ്.






# ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

**ജോബിൻ ജേക്കബ്**

ഡോൺബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ എൻ എസ് എസ് യൂണിറ്റും അയ്യൻകുന്ന് ഭാരതീയ ചികിത്സ വകുപ്പും ആയുഷ് ആയുർവേദ ഡിസ്പെൻസറിയും സംയുക്തമായി ഈന്തുംകരി ആദിവാസി കോളനിയിൽ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ആയുർവേദ മരുന്ന് നൽകിക്കൊണ്ട് മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

'കോളനി നിവാസികൾക്കിടയിലുള്ള അനാരോഗ്യകരമായ ശീലങ്ങളെ പ്രതിരോധിക്കാൻ ആയുർവേദ ചികിത്സയാണ് ഗുണപ്രദം. പാർശ്വഫലങ്ങളില്ലാത്ത ഈ ചികിത്സാരീതിക്ക് ആളുകൾക്കിടയിൽ വലിയ സ്വീകാര്യതയുണ്ട്' മെഡിക്കൽ ക്യാമ്പ് നയിച്ച അയ്യൻകുന്ന് ആയൂർവേദ ആശുപത്രിയിലെ ഡോ. രാധിക പി. പറഞ്ഞു.

'വളരെ സ്വാഭാവിക ജീവിതം നയിക്കുന്നവരാണ് കോളനിക്കാർ. ആശുപത്രിയിൽ പോകാൻ പൊതുവെ വിമുഖതയുള്ളതുകൊണ്ട് രോഗം മൂർച്ഛിച്ചാൽ മാത്രം ആശുപത്രിയിൽ പോകുന്നവരാണ് ഭൂരിഭാഗവും. അതുകൊണ്ട് മെഡിക്കൽ ക്യാമ്പ് കോളനിക്കാർക്ക് വളരെ ഉപകാരപ്രദമാണ്'. കോളനി നിവാസിയായ ശശീന്ദ്രൻ മൊറവ്വച്ചേരിൽ പറഞ്ഞു.



**പഞ്ചായത്ത് പ്രസിഡണ്ട് ഈന്തുംകരി നിവാസികൾക്ക് ആയുർവേദ മരുന്ന് നൽകി മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നു.**

'ഡോൺ ബോസ്കോ കോളേജിലെ സാമൂഹിക സേവന സന്നദ്ധ വിഭാഗമായ എൻ എസ് എസ് സവിശേഷമായ പ്രവർത്തനങ്ങൾക്കൊണ്ട് വീണ്ടും ശ്രദ്ധിക്കപ്പെടുകയാണ്. അവധിക്കാലത്തുപോലും കുട്ടികളുടെ സജീവ സഹകരണത്തോടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിരുന്നു'. എൻ എസ് എസ് പ്രോഗ്രാം കോർഡിനേറ്റർ നിധിൻ കുട്ടൻ പറഞ്ഞു.

ഫാ. ജെയ്സൺ അന്തിക്കാട്ട് ( ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ് ഇംഗ്ലീഷ് വിഭാഗം മേധാവി) യോഗത്തിൽ അധ്യക്ഷത വഹിച്ചു. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഊന്നിക്കൊണ്ടാവണം സമഗ്ര വളർച്ച എന്ന് അദ്ദേഹം കോളനി നിവാസികളെ ഓർമ്മിപ്പിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലിസി തോമസ്, വാർഡ് മെമ്പർ ജോസ് എവൺ, എൻ എസ് എസ് കോർഡിനേറ്റർ ജിഷ രാമകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

# സ്നേഹം വിളമ്പി ചരൾ വിൻസെന്റ് ഡി പോൾ സൊസൈറ്റി



**അഗതി മന്ദിരങ്ങളിലേയ്ക്കുള്ള ഭക്ഷണവുമായി വിൻസെന്റ് ഡി പോൾ അംഗങ്ങൾ**

**അമൃത സുരേന്ദ്രൻ**

തലശ്ശേരി അതിരൂപതയുടെ ഏറ്റവും മികച്ചവിൻസെന്റ് ഡിപോൾ സൊസൈറ്റിക്ക് നല്കുന്ന കൺട്രോൾ കമ്മിറ്റി അവാർഡിന് അർഹരായി ചരൾ വിൻസെന്റ് ഡി പോൾ യൂണിറ്റ്. വർഷം തോറും പ്രവർത്തനടിസ്ഥാനത്തിൽ തലശേരി അതിരൂപതയുട കീഴിലുള്ള ഏറ്റവും മികച്ച യൂണിറ്റിന് ലഭിക്കുന്ന അവാർഡാണിത്.

നിരവധി അനാഥാലയങ്ങളിലും, സ്നേഹ ഭവനങ്ങളിലും ഭക്ഷണം എത്തിച്ചും നിർധനരായ രോഗികളെ സഹായിച്ചും, വീടുകൾ ഭാഗികമായി പണിതു കൊടുത്തും മാതൃകയാവുകയാണ് ചരൾ വിൻസെന്റ് പോൾ സൊസൈറ്റി അംഗങ്ങൾ.

'ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരെ സഹായിക്കാൻ എന്നും വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾ മുൻ നിരയിലുണ്ട്. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾകൊണ്ട് ഒരുപാട് ആളുകളുടെ കണ്ണീരിന് ഉത്തരം നൽകാൻ സാധിച്ചിട്ടുണ്ട്. അവരുടെ സേവനത്തിനുള്ള വലിയ അംഗീകാരമാണ് ഇന്നവരെ തേടിയെത്തിയത്. എല്ലാ വിൻസെന്റ് ഡി പോൾ അംഗങ്ങൾക്കും അഭിനന്ദനങ്ങൾ'. ചരൾ ഇടവക വികാരി ജെയിസ് കുരിശുംമൂട്ടിൽ പറഞ്ഞു.

'എല്ലാ ശനിയാഴ്ചകളിലും അഗതി മന്ദിരങ്ങളിൽ ഭക്ഷണം നൽകുന്നതാണ് പ്രധാന പ്രവർത്തനം. കൂടാതെ വീടുപണി പൂർത്തിയാക്കാൻ സാധിക്കാത്ത നിർധനരായ ആളുകൾക്ക് പണി പൂർത്തിയാക്കി നൽകുകയും, രോഗികളെ സഹായിക്കുകയും ചെയ്യുന്നു. പഠനത്തിൽ മികച്ചു നിൽക്കുന്ന എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളെ സാമ്പത്തികമായി സഹായിക്കുന്നതും സൊസൈറ്റിയുടെ പ്രവർത്തനങ്ങളിലൊന്നാണ്'. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രസിഡന്റ് സിബി താഴപള്ളി പറഞ്ഞു.

'ഏകദേശം 300 ആളുകൾക്ക് ആഴ്ചയിലൊരിക്കൽ ഭക്ഷണം നൽകുന്നുണ്ട്. പ്രധാനമായും കണ്ണൂരിലെ പ്രത്യാശ ഭവൻ,മരിയ ഭവൻ, മാടത്തിൽ സ്ഥിതിചെയ്യുന്ന രണ്ട് അഗതിമന്ദിരങ്ങൾ പേരട്ടയിലുള്ള സ്നേഹഭവൻ, എടൂർ മൈത്രി ഭവൻ, ചെമ്പേരിയിലുള്ള കരുണാലയം എന്നിവിടങ്ങളിൽ ഭക്ഷണം എത്തിക്കുന്നുണ്ട്. ഒട്ടേറെപ്പേർക്ക് ആശ്വാസമാകാൻ സംഘടനയ്ക്ക് സാധിക്കുന്നു എന്നതിൽ സന്തോഷമുണ്ട്'. വിൻസെന്റ് ഡി പോൾ സെക്രട്ടറി ജോസ് കാരകാട്ട് പറഞ്ഞു.

# ഗോപാലേട്ടൻ ഹാപ്പിയാണ്...

**അനുശ്രീ കെ**

'വിഷമം ഉണ്ടാകുമ്പോൾ സങ്കടപ്പെട്ടിരുന്നിട്ട് കാര്യം ഇല്ലല്ലോ. സങ്കടങ്ങൾ ദൈവത്തോടല്ലാതെ ആരോട് പറയാൻ' ചൂട് ചായ നുണഞ്ഞുകൊണ്ട് ഇത് പറയുമ്പോഴും ഗോപാലേട്ടന്റെ മുഖത്തു നിറഞ്ഞ ചിരി മാത്രം...

അങ്ങാടിക്കടവിലെ ഏതൊരാളോടും ഗോപാലേട്ടനെ പറ്റി ചോദിച്ചാൽ അവർക്ക് ഒന്നേ പറയാനുള്ളൂ, എപ്പോഴും പുഞ്ചിരിക്കുന്ന മനുഷ്യൻ'. എൺപതു കഴിഞ്ഞിട്ടും ലോട്ടറി വിറ്റ് കുടുംബം പോറ്റുന്ന ഗോപാലേട്ടൻ അങ്ങാടിക്കടവിലെ ജനങ്ങൾക്ക് സുപരിചിതനാണ്. പത്രവിതരണം, മീൻകച്ചവടം, ലോട്ടറി വിലപ്പന തുടങ്ങി ഗോപാലേട്ടൻ ചെയ്യാത്ത ജോലികൾ ഒന്നുംതന്നെ ഇല്ല, എന്നിട്ടും കരയ്ക്കടുക്കാത്ത ജീവിതത്തെ ഓർത്തു



സങ്കടപ്പെട്ടിരിക്കാൻ ഈ മനുഷ്യൻ തയ്യാറുമല്ല. 'ശാരീരിക ബുദ്ധിമുട്ടുകൾ കൊണ്ട് പത്ര വിതരണം നിർത്തേണ്ടി വന്നു, അതിൽ ഇന്നും എനിക്ക് നല്ല വിഷമം ഉണ്ട്'. ഗോപാലേട്ടൻ പറഞ്ഞു.

1980 കളിൽ വെറും പത്തു വയസ് ഉള്ളപ്പോഴാണ് ചാലക്കുടിയിൽ നിന്നും അദ്ദേഹം അങ്ങാടിക്കടവിൽ എത്തുന്നത്. അന്നു മുതൽ ആരംഭിച്ചു അധ്വാനം...ഇന്ന് വാർദ്ധക്യം ചേക്കേറിയിട്ടും മറ്റൊരാളുടെ കനിവിനു കാത്തു നിൽക്കാതെ അധ്വാനത്തെ മുറുകെ പിടിക്കുകയാണ് അദ്ദേഹം. 'പള്ളിയിൽ നിന്നും നാട്ടുകാരിൽ നിന്നുമെല്ലാം ഇടയ്ക്ക് സഹായം ലഭിക്കാറുണ്ട്'. ഗോപാലേട്ടൻ പറഞ്ഞു.

നാലാം വയസിൽ നഷ്ടമായ അമ്മ, രണ്ടാനമ്മയുടെ ആവശ്യ പ്രകാരം രണ്ടാം തരത്തിൽ നിർത്തേണ്ടി വന്ന പഠനം, ഗോപാലേട്ടന്റെ മനസ്സിൽ നികത്താനാകാത്ത നഷ്ടങ്ങളായി ഇന്നും അവശേഷിക്കുന്നു.

'എനിക്ക് ഹൃദയത്തിന്റെ വാൽവിന് തകരാറുള്ളതുകാരണം അമല ഹോസ്പിറ്റലിൽ ചികിൽസിക്കുന്നുണ്ട്. ഭാര്യക്കും വാർദ്ധക്യ സംബന്ധമായ അസുഖങ്ങളുണ്ട്'. ഓരോ മാസവും കണ്ടെത്തേണ്ട ആശുപത്രി ചിലവിനെ പറ്റി പറയുമ്പോഴും ആ മുഖത്ത് പുഞ്ചിരി മാത്രം....

**വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കൂ... 9496698531**

*For private circulation only*

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റേഴ്സ്: അനിൽ തോമസ് നല്ലൂർ, സോണറ്റ് മാത്യു | എഡിറ്റർ ഇൻ ചാർജ്: ഐശ്വര്യ സി ജേക്കബ് | സബ് എഡിറ്റേഴ്സ്: ജോബിൻ ജേക്കബ്, വിപിൻ വില്ല്യം, അമൃത സുരേന്ദ്രൻ, അനുശ്രീ കെ, മിൻസിയാ നസ്രി, ഡെൽന ഡേവിസ് | ഫോട്ടോഗ്രാഫർ: നീതു തങ്കച്ചൻ, ക്രിസ്റ്റീൻ ലൂയീസ്, അനുശ്രീ കെ | ഡിസൈൻ: നീതു തങ്കച്ചൻ |